I/44071/2024

**<u>ഭരണഭാഷ – മാതൃഭാഷ</u>**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

നം. HSE/15486/2023-Fin C3 തീയതി: 05-01-2024

**<u>പരിപത്രം</u>**

വിഷയം: പൊ.വി.വ - ഹ.സെ.വി - പി.ഡി അക്കൗണ്ട് - നീക്കിയിരുപ്പ് തുക - വിനിയോഗം- സംബന്ധിച്ച്.

സൂചന : വിവിധ സ്കൂൾ പ്രിൻസിപ്പൽമാർ സമർപ്പിച്ച അപേക്ഷകൾ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പി.ഡി അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുക വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി സ്കൂൾ പ്രിൻസിപ്പൽമാരുടെ അപേക്ഷകൾ മേഖലാ ഉപമേധാവിമാർ നിലവിടെ നിയമങ്ങൾ പരിശോധിക്കാതെയും വ്യക്തമായ ശുപാർശ രേഖപ്പെടുത്താതെയും ഈ കാര്യാലയത്തിലേക്ക് സമർപ്പിക്കുന്നതായി കാണുന്നു.

പി.ഡി അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുക വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. 2022-23 വരെയുള്ള കാലയളവിലെ പി.ഡി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. മേൽ അനുമതി ലഭ്യമായാൽ മാത്രമേ പി.ഡി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക വിനിയോഗിക്കുവാൻ കഴിയുള്ളൂ.

പി.ഡി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക വിനിയോഗിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാകുന്നത് സംബന്ധിച്ച വിവരം ഡി.എച്ച്.എസ്.ഇ പോർട്ടൽ മുഖേന അറിയിക്കുന്നതാണ്. ആയതിനാൽ പി.ഡി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട പ്രപ്പോസലുകൾ നിലവിൽ ഡയറക്ടറേറ്റിലേക്ക് സമർപ്പിക്കേണ്ടതില്ല എന്ന വിവരം അറിയിക്കുന്നു.

.

Signed by
Mohan Kumar N
Date: 05-01-2024 20:50:06

സീനിയർ ഫിനാൻസ് ഓഫീസർ
(പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി)

1. എല്ലാ മേഖല ഉപ മേധാവിമാർക്കും
2. എല്ലാ ഗവ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും